**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നം.5411** **18/11/2019-ൽ മറുപടിയ്ക്ക്**

**കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ അഡ്മിനിസ്ട്രേറ്റീവ് ജീവനക്കാരുടെ പ്രൊമോഷൻ**

| ചോദ്യം<br>ശ്രീ.എം.വിൻസെന്റ് | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ അഡ്മിനിസ്ട്രേറ്റീവ് കാറ്റഗറിയിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ പ്രൊമോഷൻ സംബന്ധമായ കാര്യങ്ങൾ ഏത് നിയമപ്രകാരമാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ചട്ടങ്ങൾ പ്രകാരമാണ് നടത്തിവരുന്നത്. |
| (ബി) | ശാസ്ത്ര സാങ്കേതിക വകുപ്പ് ജി.ഒ.(ആർ.ടി) നം.44/2019/എസ്.&റ്റി.ഡി. തീയതി 17.9.2019 പ്രകാരം കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്ന ഗവേഷണ സ്ഥാപനങ്ങളിലെ അഡ്മിനിസ്ട്രേറ്റീവ് വിഭാഗം ജീവനക്കാരുടെ പ്രൊമോഷൻ/നിയമനം സംബന്ധിച്ച് വ്യക്തത വരുത്തിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | (ബി) | കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ രൂപീകരിച്ച പ്രൊമോഷൻ കമ്മിറ്റിയുടെ രൂപീകരണം, കമ്മിറ്റി തീരുമാനങ്ങൾ എന്നിവയ്ക്ക് എതിരായി ശ്രീ.അനിൽ കുമാർ ബഹു.ഹൈക്കോടതി മുമ്പാകെ 20263/2019-ാം നമ്പർ റിട്ട് ഹർജി ഫയൽ ചെയ്യുകയും, പ്രൊമോഷൻ കമ്മിറ്റി രൂപീകരണം സംബന്ധിച്ച ചട്ടങ്ങൾ വ്യക്തമാക്കിക്കൊണ്ടും, ടി ചട്ടങ്ങൾ പ്രകാരം തുടർ നടപടികൾ കൈക്കൊള്ളുമെന്ന് കൗൺസിൽ മെമ്പർ സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിക്കൊണ്ടും 17/09/2019-ലെ സർക്കാർ ഉത്തരവ് (സാധാ)നം.44/2019/ശാ.സാ.വ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ഉണ്ടെങ്കിൽ ഈ സർക്കാർ ഉത്തരവിന് ഘടകവിരുദ്ധമായി ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ കമ്മിറ്റി രൂപീകരിച്ച് എല്ലാ ഗവേഷണ സ്ഥാപനങ്ങളിലേയും പ്രൊമോഷൻ തസ്തികയിൽ ശാസ്ത്ര കൗൺസിൽ നേരിട്ട് അഭിമുഖം നടത്തുവാനുള്ള നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; |
| (ഡി) | കേരള ശാസ്ത്ര കൗൺസിലിന്റെ നിലവിലുള്ള ചട്ടങ്ങൾ മറികടന്നുകൊണ്ടുള്ള പ്രസ്തുത നിയമന നീക്കങ്ങൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ കൈക്കൊള്ളുമോയെന്ന് വെളിപ്പെടുത്താമോ? | (ഡി) | ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ കമ്മിറ്റി സ്ഥാനക്കയറ്റം നടത്തുന്നതിനായി ഉദ്യോഗസ്ഥരുടെ അഭിമുഖം 28/10/2019, 31/10/2019 തീയതികളിൽ നടത്തുവാൻ നിശ്ചയിച്ചിരുന്നുവെങ്കിലും ആയത് റദ്ദാക്കുകയുണ്ടായതിനാൽ തുടർ നടപടികൾ കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ